Page 1 of 1

അറിയാനുള്ള മറെറാരു പ്രധാനപ്പെട്ട ചോദ്യത്തിനും മറുപടി കിട്ടിയില്ല. ആഭ്യന്തര വകുപ്പിലേക്കുള്ള ചർച്ച കഴിഞ്ഞല്ലോ, അപ്പോരം ലാത്തി ച്ചാർജിനെക്കുറിച്ചും, വെടിവെയ്പ്പിനെക്കുറിച്ചും, മരണത്തെക്കുറിച്ചും, കൊലപാതകത്തെക്കുറിച്ചുമുള്ള വിവരങ്ങരം തരാമല്ലോ, എന്നിട്ടും കിട്ടിയില്ല. ഞാൻ ആദ്യം ചൂണ്ടിക്കാണിച്ച രണ്ട് ചോദ്യങ്ങരംക്കുള്ള മറുപടിയും ഇതുവരെ കിട്ടിയില്ല. ഒട്ടനേകം ചോദ്യങ്ങളുണ്ട്, അതിൽ പ്രധാനപ്പെട്ട ചോദ്യങ്ങരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നുമാത്രം. ഞങ്ങരംക്ക് വളരെ അടിയന്തിരമായിതന്നെ ഉത്തരം കിട്ടാനുള്ള ഒരു നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## VIII. റൂളിംഗ്

മി. സ്പീക്കർ: 1-8-1991-ൽ മറുപടി ലഭിക്കുന്നതിനായി ശ്രീ. സി. കെ. ചന്ദ്രപ്പൻ നൽകിയ നോട്ടീസ് ചോദ്യത്തിന് 17-6-1995-ലെ കത്തിലൂടെ മറുപടി നൽകിയതിലുള്ള അനൗചിത്യത്തേയും മറുപടിയുടെ രീതിയെപ്പററിയുമുള്ള ആക്ഷേപമാണ് ഇവിടെ ഉന്നയിച്ചത്. നിയമസഭാംഗമെന്ന നിലയ്ക്ക് യഥാസമയം ഉത്തരം കിട്ടാനുള്ള അവകാശത്തെ സംബന്ധിച്ച് യാതൊരു തർക്കവുമില്ല. നമ്മുടെ മാനുവൽ അനുസരിച്ചും നമ്മുടെ സർക്കുലർ അനുസരിച്ചും ഉത്തരങ്ങരം തക്കസമയത്ത് ലഭ്യമാക്കേണ്ട ചുമതലയുണ്ട്. പക്ഷേ അതേ സമയത്ത് പാർലമെൻറിൽ അഞ്ഞൂററിചില്വാനം അംഗങ്ങളുണ്ടെങ്കിലും ഇരിനൂററിചില്വാനം ചോദ്യങ്ങളാണ് സാധാരണ വരുന്നത്. ഇവിടെ 141 അംഗങ്ങളിൽനിന്ന് 100 കണക്കിന് ചോദ്യങ്ങരം വരുന്നുവെന്ന കാര്യവും നമ്മരംക്ക് അവഗണിക്കാൻ പററില്ല. അതിന് പ്രായോഗിക പ്രാധാന്യമനുസരിച്ച് ചോദ്യങ്ങളുടെ എണ്ണം കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്. പക്ഷേ അതേ സമയത്ത് അത് ഈ കാര്യത്തിന് ഒരു ന്യായീകരണമാവുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വളരെ inordinate delay വന്നുവെന്ന് സമ്മതിക്കുകയും അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടികരം നടത്തിയിരിക്കുന്നതായി പരസ്യമായി സഭയെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം സംഭവങ്ങരം ഉണ്ടാകാതിരിക്കാൻ കർശനമായ നിർദ്ദേശം നൽകാമെന്നുകൂടി ചെയർ പ്രത്യാശിക്കുന്നു. ഇനിയുള്ളത് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞ കാര്യമാണ്. സാധാരണ താമസിച്ചുകിട്ടുന്ന ഉത്തരങ്ങരം മേശപ്പുറത്തുവയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നുള്ളത് ശരിയാണ്. എന്നിരുന്നാലും ഈ കാര്യത്തിലുള്ള പരാതി ഒഴിവാക്കുന്നതിനായി പ്രസ്തുത ചോദ്യോത്തര ദിവസം രാവിലെ എട്ടര മണി വരെ കിട്ടുന്ന ഉത്തരങ്ങരം ലൈബ്രറിയുടെ മേശപ്പുറത്തും പ്രസ് റൂമിലും വയ്ക്കുവാൻ ചെയർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരം കിട്ടുന്നതിൽ താമസമുണ്ടെന്നുള്ള പരാതി ഒഴിവാക്കുവാൻ ഇതുമൂലം ഒട്ടൊക്കെ സാധിക്കുമെന്ന് ചെയർ കരുതുന്നു. മന്ത്രിമാരുടെ ടി. എ., ഡി. എ. മുതലായവ സംബന്ധിച്ച വിവരം സെക്രട്ടേറിയററിൽതന്നെ ലഭ്യമാകുമെന്നതിനാൽ അത് സംബന്ധിച്ചുള്ള ചോദ്യങ്ങരംക്ക് നിശ്ചിത ദിവസംതന്നെ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടെന്ന് പറയുന്നതിൽ വലിയ ന്യായമില്ല. ആയതിനാൽ ഈ സമ്മേളനത്തിൽ ഇത്തരം ചോദ്യങ്ങരംക്ക് ഉത്തരം നൽകുവാൻ ഉടനടി നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ ക്രമപ്രശ്നം തള്ളിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly